**21U140** (Pages: 2) Name: ……..………………..

Reg. No: …………………….

**FIRST SEMESTER B.Com./B.B.A. DEGREE EXAMINATION, NOVEMBER 2021**

(CBCSS-UG)

(Regular/Supplementary/Improvement)

**CC19U MAL1 A07(2) – മലയാള സാഹിത്യ പഠനം – I**

(Malayalam - Common Course)

(2019 Admission onwards)

Time: 2½ Hours Maximum: 80 Marks

Credit: 4

**I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. രണ്ട് മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി 25 മാർക്ക്.**

1. സൗന്ദര്യവും സത്യവും നന്മയും തമ്മിലുള്ള ബന്ധത്തെ എം.പി. പോൾ എങ്ങനെ അവതരിപ്പിക്കുന്നു?
2. ആത്മപ്രതീതിവാദം എന്നാലെന്ത്?
3. ഒരു വസ്തു സുന്ദരമാണെങ്കിൽ അതേസമയത്തുതന്നെ അസുന്ദരവുമാണ് എന്ന് ഹെഗൽ പറയുന്നതിന്റെ അടിസ്ഥാനമെന്ത്?
4. 'മധുരിച്ചിട്ട് തുപ്പാനും വയ്യ കയ്ച്ചിട്ടിറക്കാനും വയ്യ എന്ന അനുഭവം' എന്ന് എന്തിനെക്കുറിച്ചാണ് എസ്. ഗുപ്തൻനായർ പറയുന്നത്? എന്തുകൊണ്ട്?
5. സംഗീതത്തിൽ ഗോവിന്ദമാരാരുടെ സവിശേഷത എന്ത്?
6. സാഹിത്യകൃതികൾക്ക് നൽകുന്ന അവാർഡുകൾ നിന്ദ്യമായിത്തീരുന്നത് എങ്ങനെയാണ് എന്നാണ് എം. എൻ. വിജയൻ നിരീക്ഷിക്കുന്നത്?
7. "ബഷീറിനോ തകഴിക്കോ ദേവിനോ ലഭിച്ചിട്ടില്ലാത്ത ക്ഷിപ്രഭാഗ്യം ഇന്ന് ഏത് യുവസാഹിത്യ കാരനും ലഭിക്കുന്നതാണ്" - ഉദ്ദേശിക്കുന്നതെന്ത്?
8. ആന്തരമതത്തേയും ബാഹ്യമതത്തേയും എങ്ങനെയാണ് സുകുമാർ അഴീക്കോട് തിരിക്കുന്നത്?
9. മതൈക്യം ഉണ്ടാക്കാൻ എന്തുചെയ്യണമെന്നാണ് ഗുരുവിനെ മുൻനിർത്തി അഴീക്കോട് പറയുന്നത്?
10. "കണ്ടമാനം സമയം കിടക്കുന്നു. ഒരു പുല്ലും ചെയ്യാനില്ല." - സന്ദർഭം ഏത്?

11. “എന്റെ സിരകളിൽ നിന്ന് പനിനീർപ്പൂവ് ഒഴുകിപ്പോയി. എന്റെ ഹൃദയത്തിൽ കരിംപുക പരന്നു”- സന്ദർഭവും ആശയവും എന്ത്?
12. “ബാലുവിന്റെ ആ ചോദ്യം എനിക്കൊട്ടും ഇഷ്ടമായില്ല” - ഏതു ചോദ്യം? നീലിമയ്ക്ക് അങ്ങനെ തോന്നിയത് എന്തുകൊണ്ട്?
13. “വേറെ പണിക്കുപോയാലും ഇതുതന്നെയാഗതി. സിവിൽ സർവ്വീസ് എഴുതി എന്നെ പ്പോലെയായാലും വേറെ മാർഗം ഇല്ല... ഞാൻ സിവിൽ സർവ്വീസിലെ തോട്ടിയാ” - ഇങ്ങനെ പറയാനുള്ള കാരണമെന്ത്?
14. “ഒരു ഘട്ടത്തിൽ എനിക്ക് ഉണ്ണാൻ കഴിയാതെയായി. അത് ഞാൻ ഒരിക്കലും അറിഞ്ഞിരുന്നില്ല.” - സന്ദർഭം എന്ത്?
15. തോറ്റം പാട്ടിലെ കുടക് ബന്ധം എന്താണ്?

**(Ceiling: 25 Marks)**

**II. ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. അഞ്ചു മാർക്ക് വീതമുള്ള എട്ടു ചോദ്യങ്ങൾ. പരമാവധി 35 മാർക്ക്.**

16. ‘അയൽരാജാവ്’ എന്ന സങ്കല്പത്തിന്റെ വിവക്ഷകൾ വിശദമാക്കുക.
17. അധികാരം നഷ്ടപ്പെട്ട രാമൻനായരുടെ ദയനീയാവസ്ഥ ‘സൂചിമുഖി’യിൽ എങ്ങനെ ഹാസ്യാത്മകമായി അവതരിപ്പിച്ചിരിക്കുന്നു എന്നു വിശദമാക്കുക.
18. “ഇനിയിപ്പോ അരുൺകുമാറിനെ കണ്ടാൽത്തന്നെ, കണ്ണിലെ കരടെടുത്ത് കളയുംപോലെ, ആദ്യം ഈ സൂര്യകാന്തിപ്പൂവിനെക്കുറിച്ചു പറയേണ്ടിവരും.” - സന്ദർഭവും ആശയവും വിശദമാക്കുക.
19. “ഒരു നായാടിയെയും മറ്റൊരു മനുഷ്യനെയും രണ്ടുവശത്തും നിർത്തുകയാണെങ്കിൽ സമത്വം എന്ന ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ ആ ക്ഷണം തന്നെ നായാടി അനീതിക്കിരയായവനായി മാറിക്കഴിഞ്ഞു.” - ഇന്ത്യൻ ജാതിവ്യവസ്ഥയുടെ ദുരന്തസ്വഭാവത്തെ ഈ പ്രസ്താവന വ്യക്തമാക്കുകന്നതെങ്ങനെ?

20. സ്വാതിതിരുനാളിന്റെ സംഗീതപ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു?

21. സ്വർണ്ണമത്സ്യങ്ങൾ എന്നതുകൊണ്ട് എം. എൻ. വിജയന്റെ ലേഖനത്തിൽ ഉദ്ദേശിക്കുന്നതെന്താണ്?

22. മതകലഹങ്ങളുടെ അടിസ്ഥാനകാരണം എന്താണ്? സുകുമാർ അഴീക്കോടിന്റെ ലേഖനത്തെ മുൻനിർത്തി വിശദീകരിക്കുക.

23. കാഞ്ഞിരക്കൊല്ലിയെക്കുറിച്ച് വിവരിക്കുക.

**(Ceiling: 35 Marks)**

**III. ഏതെങ്കിലും രണ്ടു ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. കേരളീയ പൊതുസമൂഹത്തിന്റെ ജാതിബോധം അരികുവത്കരിക്കുന്ന ദുരിതജീവിതങ്ങളുടെ ആവിഷ്കാരമാണ് 'നൂറു സിംഹാസനങ്ങൾ' – വിശദമാക്കുക.

25. ആത്മകഥയും ജീവചരിത്രവും ഇടകലർന്ന എഴുത്താണ് 'സ്വാതിയുടെ സന്നിധിയിൽ' - ഉപന്യസിക്കുക.

26. നിരൂപണത്തിന്റെയും സാഹിത്യത്തിന്റെയും ദുര്യോഗത്തെ എം.എൻ. വിജയൻ എങ്ങനെ വിലയിരുത്തുന്നു.

27. 'നിങ്ങൾ കുടകിൽ നിന്ന് മടങ്ങിപ്പോവും. പക്ഷേ കുടക് ഒരിക്കലും നിങ്ങളെ ഉപേക്ഷിച്ചു പോകില്ല'. – കുടകിന്റെ ദൃശ്യഭംഗി എൻ. പ്രഭാകരൻ ആവിഷ്കരിക്കുന്നതെങ്ങനെ?

**(2 × 10 = 20 Marks)**

*******